


# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2054/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 13/02/2023
കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2054/2022

# തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 07-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 08-11-2022 | 18-11-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2022 | 18-11-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. ശ്രീജിത്ത്.എസ്.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീന.പി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി നിഷ.വി.ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ. അനിൽകുമാർ.ഡി. | സെക്രട്ടറി | 08-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലീന.എൻ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ദിലീപ്.ബി. | വെറ്റിനറി സർജൻ | 01-04-2021 | 30-04-2021 |
| ഡോ. ജയചന്ദ്രൻ.ഡി. | വെറ്റിനറി സർജൻ | 01-05-2021 | 31-03-2022 |
| ഡോ. ജേക്കബ്.എസ്.എൽ. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 01-04-2021 | 23-10-2021 |
| ഡോ. പ്രവീൺകുമാർ.എസ്. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 24-10-2021 | 31-03-2022 |
| ഡോ. സ്മിത.പി.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. സ്മിത.എസ്.ആർ. | മെഡിക്കൽ ഓഫീസർ -ആയുർവേദം. | 01-04-2021 | 31-03-2022 |
| ശ്രീ. സന്ദീപ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീ. അശോകൻ.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി വിജയകുമാരി.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 19-11-2021 |
| ശ്രീമതി മേരി ഷൈനി.ടി.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-11-2021 | 31-03-2022 |
| ശ്രീ. ശരത്ചന്ദ്ര കുമാർ.എം. | എച്ച്.എം.- ഗവ. എൽ.പി.എസ്. | 01-04-2021 | 31-03-2022 |
| ശ്രീമതി സന്ധ്യ.ആർ.നായർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി നിഷ.വി.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 26-04-2021 |
| ശ്രീ. ഗോപകുമാർ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 27-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി. | 1-5-1 |
| 7 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി | 1-5-2 |
| 8 | ക്ഷേമ പദ്ധതികൾ | 1-5 |
| 9 | ക്യാഷ് പരിശോധന | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 13 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-10 |
| 14 | കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-11 |
| 15 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-12 |
| 16 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ് | 1-13 |
| 17 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കണം. | 1-14 |
| 18 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-15 |
| 19 | KSEB യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 20 | അർഹരായവർ ഉണ്ടായിരിക്കെ അനർഹർക്ക് ഭവനപുനരുദ്ധാരണത്തിനുള്ള ആനുകൂല്യം നൽകി | 1-17 |
| 21 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-18 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-19 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 24 | കിടാരി വളർത്തൽ (വനിത) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-21 |
| 25 | ആട് വളർത്തൽ (വനിത) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-22 |
| 26 | ആട് വളർത്തൽ (വനിത എസ്.സി.പി.) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൽ | 1-23 |
| 27 | ഹോമിയോ മരുന്നുകൾ പൂർണമായി ലഭ്യമായില്ല | 1-24 |
| 28 | വിവിധ പ്രോജക്ടുകൾക്ക് മെഡിക്കൽ സർവീസ് കോർപ്പറേഷൻ മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല | 1-25 |
| 29 | അങ്കണവാടികൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-26 |
| 30 | ഐ.സി.ഡി.എസ്. കോ ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | 1-27 |
| 31 | അങ്കണവാടി നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22ലെ ബജറ്റ്, ഭരണസമിതിയുടെ 1/1 തീയതി 18.02.2021-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രസ്തുത ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവുകൾ മുൻവർഷത്തേയും തൻവർഷത്തേയും വരവ് ചെലവുകളുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | 2020-21 വാർഷിക കണക്ക് പ്രകാരം | 2021-22 ബജറ്റ് പ്രകാരം പ്രതീക്ഷിതം | 21-22വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 53,21,552 | 12,37,802 | 65,70,740 |
| വരവ് | 5,55,70,004 | 21,00,81,660 | 5,55,88,436 |
| ആകെ | 6,08,91,556 | 21,13,19,462 | 6,21,59,176 |
| ചെലവ് | 5,43,20,816 | 20,97,55,833 | 5,16,48,284 |
| നീക്കിയിരിപ്പ് | 65,70,740 | 15,63,629 | 1,05,10,892 |

1)ഭരണ സമിതിയുടെ 02.03.2022 തീയതിയിലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

2)ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 -ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്.[ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ഇപ്രകാരമുള്ള നടപടിക്രമങ്ങളുണ്ടായിട്ടില്ല.

3)മേൽ ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലും ജനറൽ കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവിലെ നിർദ്ദേശപ്രകാരമുള്ള അവലോകനങ്ങൾ നടന്നിട്ടില്ല. വരും വർഷങ്ങളിൽ ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകൃയറി നമ്പർ 16/14.11.2022ന്റെ മറുപടി).

4) ILGMS സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികയിലെ അക്കൌണ്ട് കോഡുകളുമായി പൊരുത്തപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ILGMS പ്രകാരമുള്ള ബജറ്റ് ഹെഡുകൾ, നിലവിൽ ബജറ്റ് തയ്യാറാക്കുന്ന രീതിയിൽ സോഫ്റ്റ് വെയറുകളിൽ ലഭ്യമാക്കിയിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൌണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, തയ്യാറാക്കിയെങ്കിലും അതിൽ അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ്

വെളിപ്പെടുത്തലുകൾ എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല. അടിസ്ഥാന അനുപാതങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ അവ ഉൾപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 22/15.11.2022ന്റെ മറുപടി).

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൌണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൌണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു 'ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്. വരുംവർഷങ്ങളിൽ സ്റ്റോക്ക് മൂല്യ നിർണയം നടത്തി, Stock In Hand കൃത്യമായി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4) സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. (B -4 Schedule)

| Code Number | Particulars | Amount |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats | 156027 |
| 320700304 | Contributions For Other Specific Purposes (For Capital Expenditure)– From Block Panchayats | 20634 |
| 320700405 | Contributions For Other Specific Purposes (For Revenue Expenditure) – From District Panchayats | 55365 |

5) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം Beneficiary Contribution ഇനത്തിൽ 384247/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ജലജീവൻ മിഷന്റ് ഗുണഭോക്തൃ വിഹിതമായി ലഭിച്ച തുക പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന മുറയ്ക്ക് കൈമാറുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

6) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 18 പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ അഡ്വാൻസായി നൽകിയിട്ടുണ്ട്.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 7947 |
| 460509901 | Advance To Others | 34176 |

34176/- രൂപ സാക്ഷരത പ്രേരകിന് സർക്കാർ ഉത്തരവ് പ്രകാരം നൽകിയ തുകയാണെന്നും സർക്കാർ തുക അനുവദിക്കുന്ന മുറയ്ക്ക് അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

7) ILGMS അക്കൌണ്ടിംഗ്

PDE സ്റ്റേറ്റ്മന്റ് പ്രകാരം, ഗ്രാമ പഞ്ചായത്ത് ILGMSലേക്ക് മാറിയ തീയതി 06.09.2021 ആണ്. ഗ്രാമ പഞ്ചായത്ത് ILGMSലേക്ക് മാറിയ 06.09.2020ലെ ILGMS മുന്നിരിപ്പ്, 05.09.2020ലെ സാംഖ്യ നീക്കിയിരിപ്പ് എന്നിവയിൽ അക്കൌണ്ട് ഹെഡ്, കോഡ്, തുക എന്നിവയിൽ ചുവടെ ചേർക്കുംപ്രകാരം വ്യത്യാസമുണ്ട്.

| 05.09.2021ലെ ബാലൻസ് ഷീറ്റ് പ്രകാരം സാംഖ്യ നീക്കിയിരിപ്പ് | | | 06.09.2021ലെ ട്രയൽ ബാലൻസ് പ്രകാരം ILGMSമുന്നിരിപ്പ് | | |
|---|---|---|---|---|---|
| കോഡ് | ഹെഡ് | തുക | കോഡ് | ഹെഡ് | തുക |
| 310100101 | Panchayat Fund-General Fund | 3842763 | 310100101 | Panchayat Fund-General Fund | 3424301 |
| 310900101 | Excess Of Income Over Expenditure | 728551.30 | 310900101 | Excess Of Income Over Expenditure | 18077528 |
| 450210109 | SBI Online Account -9 | 1566727 | 450210101 | Nationalised Bank Account Of Own Revenue Fund | 1596218 |

310100101 എന്ന ഹെഡിൽ 05.09.2021ലെ നീക്കിയിരിപ്പും 06.09.2021ലെ മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം സോഫ്റ്റ് വെയർ അഡ്ജസ്റ്റ്മെന്റ് ആയതിനാൽ 310900101 എന്ന ഹെഡിൽ കൂടി നിൽക്കുന്നുവെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 27/16.11.2022ന്റെ മറുപടി).
8) ആട് വളർത്തൽ(വനിത SCP) പ്രോജക്ടിന്റെ ചെലവ് തുക ചെലവ് പത്രിക പ്രകാരം 10,78,000/-(വികസനഫണ്ട് SCP-846000, ഗുണഭോക്തൃ വിഹിതം-232000/-)രൂപയാണ്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ബില്ലുകൾ പ്രകാരം ചെലവ് 11,28,000/-(വികസനഫണ്ട് SCP-846000, ഗുണഭോക്തൃ വിഹിതം-282000)രൂപയാണ്.
പ്രോജക്ട് എൻട്രി വരുത്തിയ സമയത്ത് ഗുണഭോക്തൃ വിഹിതം Direct Expenditure എന്ന കോളത്തിലാണ് Entry വന്നതെന്നും ആയതുപ്രകാരം 50,000/- രൂപയുടെ ബിൽ തയ്യാറാക്കി ചെലവാക്കുകയും ചെയ്തതാണ് വ്യത്യാസത്തിന് കാരണമായി നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻകയറി നമ്പർ 30/17.11.2022ന്റെ മറുപടി). മേൽ പൊരുത്തക്കേടുകൾ പരിഹരിച്ച് വാർഷികധനകാര്യപത്രിക കുറ്റമറ്റതാക്കി സമർപ്പിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 11.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11104748 | 11104748 | 11303868 | (-)199120 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7504262 | 7504262 | 7226818 | 277444 |
| വികസനഫണ്ട് (CFC Tied) | 0 | 5777599 | 5777599 | 3722448 | 2055151 |
| വികസനഫണ്ട് (CFC Untied) | 0 | 2815559 | 2815559 | 2001487 | 814072 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 7462000 | 7462000 | 4390901 | 3071099 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 4890818 | 4890818 | 3731530 | 1159288 |
| CSS | 0 | 0 | 0 | 497750 | (-)497750 |
| SSS | 0 | 0 | 0 | 540905 | (-)540905 |

വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നിവയുടെ ചെലവ് ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 11303868 | 9404268 | 1899600 |
| വികസനഫണ്ട് (എസ്.സി.പി) | 7226818 | 6955818 | 271000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 4390901 | 4908665 | 517764 |

വികസന ഫണ്ട് (ജനറൽ) ലൈഫ് മിഷൻ വായ്പ തുക തിരികെ അടവാക്കുന്നതിനായി 11,55,000/-രൂപയും അങ്കണവാടി വർക്കർമാരുടെ ഓണറേറിയം തുകയായ 7,44,600/- രൂപയും ചേർത്ത് ആകെ 18,99,600/- രൂപ സ്രോതസിൽ കുറവ് ചെയ്തിരുന്നതിന്റെ വ്യത്യാസമാണെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി നമ്പർ 28/16.11.2022ന്റെ മറുപടി).

വികസനഫണ്ട്(എസ്.സി.പി) 3,41,000/-രൂപ ലൈഫ് മിഷൻ വായ്പ തുക തിരിച്ചടവിനായി സ്രോതസിൽ കുറവ് ചെയ്തിട്ടുള്ളതും ജി.ഒ പ്രോജക്ട് മുഖേന സുലേഖ അക്കൌണ്ടിൽ ജേണൽ എൻട്രി പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ 80/22-ാം നമ്പർ പ്രോജക്ടിൽ 70000 രൂപയുടെ (25200 + 44800) റികമ്മിസിഷൻ തയ്യാറാക്കിയെങ്കിലും

ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിനുള്ള സൌകര്യം നിർത്തലാക്കിയതിനാൽ ബിൽ സമർപ്പിക്കാൻ സാധിച്ചില്ല. ആയതിനാൽ, ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ, 3,41,000 രൂപയിൽ 70,000/- രൂപ കിഴിച്ചുള്ള 2,71,000/- രൂപയുടെ വ്യത്യാസമുണ്ടായി. മെയിന്റനൻസ് ഫണ്ട് (റോഡ്) പ്രോജക്ട് നമ്പർ 54ന്റെ 5,17,764/- രൂപയുടെ റികവിസിഷൻ തയായറാക്കിയതിനുശേഷം ബിൽ സമർപ്പിക്കാതിരുന്നതാണ് വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 9 | 9 | 0 | 100 | 2837500 | 2207760 | 78 |
| Ii | വെറ്റിനറി സർജൻ | 11 | 10 | 1 | 91 | 3024420 | 2486020 | 82 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 8 | 8 | 0 | 100 | 2994500 | 2822093 | 94 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 0 | 100 | 525000 | 525000 | 100 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 0 | 100 | 315000 | 315000 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 5 | 4 | 1 | 80 | 5410000 | 4070000 | 75 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 9 | 0 | 100 | 2740999 | 2366258 | 86 |
| Viii | സെക്രട്ടറി | 39 | 32 | 7 | 82 | 10389478 | 7029374 | 68 |
| Ix | എച്ച്.എം. | 5 | 5 | 0 | 100 | 864350 | 836897 | 97 |
| X | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 6 | 5 | 1 | 83 | 4192000 | 1514946 | 36 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 51 | 35 | 16 | 69 | 17906662 | 9052352 | 51 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100 | 852000 | 762000 | 89 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 2 | 75 | 2764124 | 1726754 | 62 |
| ആകെ | | 157 | 129 | 28 | 82 | 54816033 | 35714454 | 65 |

ആകെ വകയിരുത്തിയതിന്റെ 65 ശതമാനം മാത്രം ചെലവഴിച്ചു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2, വകയിരുത്തിയ ഫണ്ടിന്റെ 36ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 51 പ്രോജക്ടുകളിൽ 16 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 51 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

കോവിഡ് മഹാമാരി രൂക്ഷമായ സാഹചര്യമാണ് ചെലവ് കുറയാനുള്ള കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻകയറി നമ്പർ 01/08.11.2022ന്റെ മറുപടി).

ബി)പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടില്ല. കോവിഡ് സാഹചര്യമാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് ( ഓഡിറ്റ് എൻകയറി നമ്പർ 08/11.11.2022ന്റെ മറുപടി).

ബി)ആസൂത്രണ സമിതിയുടെ 26.01.2021ൽ നടന്ന യോഗത്തിൽ 12 പേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് വിഭാഗത്തിന്റെയും ലേബർ ബാങ്കിന്റെയും സേവനം ലഭ്യമാക്കാവുന്നതാണെന്നും പദ്ധതി നിർവ്വഹണത്തിനുശേഷം കൃത്യമായ മോണിറ്ററിംഗിലൂടെ പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പാക്കണമെന്നും നിർദ്ദേശമുണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 9.6 ഹെക്ടർ തരിശുഭൂമി ജിയോ ടാഗിംഗ് ആഫ്റ്റർ സ്റ്റേജിലും രണ്ട് ഘട്ടങ്ങളിലായി നടന്ന സോഷ്യൽ ഓഡിറ്റിന്റെ ഫീൽഡ് പരിശോധനയിലും പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്തതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതും ആയത് കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എ)ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്. ബി)13അംഗങ്ങളെ വീതം ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് പുനഃ സംഘടിപ്പിച്ചിരുന്നു. എന്നാൽ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പൂർണമായ പങ്കാളിത്തമുണ്ടായിട്ടില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| I | കൃഷി | 26.01.2021 | 9 |
| | | 12.02.2021 | 6 |
| Ii | പൊതുഭരണവും ധനകാര്യവും | 12.02.2021 | 5 |
| Iii | മൃഗസംരക്ഷണം ക്ഷീര വികസനം | തീയതി രേഖപ്പെടുത്തിയിട്ടില്ല | 9 |
| Iv | പ്രാദേശിക സാമ്പത്തിക വികസനം | 12.02.2021 | 5 |
| V | ദാരിദ്ര്യ ലഘൂകരണം | 26.01.2021 | 9 |
| | | 12.02.2021 | 7 |

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ഏതാനും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം - ഓഡിറ്റ് എൻകയറി നമ്പർ 08/11.11.2022ന്റെ മറുപടി) |
|---|---|---|---|---|
| I | കൃഷി | 26.01.2021 | പേരേറ്റിൽ, മാമ്പഴക്കോണം എന്നീ പാടശേഖരങ്ങളിൽ നെൽകൃഷി പുനഃസ്ഥാപിക്കുന്നതിനായി ജലസേചന സൌകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി. | ലഭ്യമല്ല |
| | | 12.02.2021 | മുള്ളറംകോട് പാടശേഖരത്തിൽ, തമ്പുരാൻ നടയ്ക്കു സമീപമുള്ള,ബണ്ട് തകർന്ന് കിടക്കുന്നത് പുനഃ സ്ഥാപിക്കണം. | ലഭ്യമല്ല |
| Ii | വിദ്യാഭ്യാസം | 26.01.2021 | ഒറ്റൂർ ഗവ. എൽ.പി.എസിൽ നവീനരീതിയിലുള്ള പാചകപ്പുര നിർമ്മിക്കുക, | എൽ.പി.എസിൽ ഫർണിച്ചർ വാങ്ങൽ അനിവാര്യമായതിനാൽ പ്രസ്തുത പദ്ധതിയാണ നടപ്പാക്കിയത്. |
| | | | ചേന്നൻകോട് സാംസ്കാരിക നിലയത്തിൽ ഒരു ലൈബ്രേറിയനെ നിയമിച്ച് | സാംസ്കാരിക നിലയത്തിന്റെ |

| | | | | |
|---|---|---|---|---|
| | | | ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കുക. | നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| Iii | സാമൂഹ്യനീതി | 26.01.2021 | സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം, സ്ഥലം കിട്ടിയ അങ്കണവാടികൾക്ക് കെട്ടിടം, ബഡ്സ് സ്കൂൾ അനുവദിക്കുക | അങ്കണവാടി നമ്പർ 78, 75 എന്നിവയ്ക്ക് വസ്തു ലഭ്യമായി. ബഡ്സ് സ്കൂളിന് സ്ഥലം ലഭ്യമായിട്ടില്ല. |

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള അതീവ ഗുരുതര പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | പ്രശ്നം | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| I | കൃഷി | നെൽപ്പാടം തരിശിടാനുള്ള പ്രവണത | സുസ്ഥിര നെൽകൃഷി പ്രകാരം ആനുകൂല്യം, മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനുവേണ്ടി കുമ്മായം നൽകുന്നു, വിത്ത്, വളം, കൃഷിച്ചെലവ് എന്നിവ നല്കി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു, പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതി പ്രകാരം തോടുകളും തലക്കുളങ്ങളും നവീകരിക്കുന്നു. |
| | | നെൽകൃഷിയിലെ ഉല്പാദനക്ഷമത കുറവ് | അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ സൌജന്യമായി നൽകുന്നു, മണ്ണിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കുമ്മായം നൽകുന്നു. |
| Ii | സാമൂഹ്യനീതി | ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ | ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം അങ്കണവാടികൾ മുഖേന അതാത് പ്രദേശങ്ങളിൽ നൽകുന്നു. |
| Iii | ആരോഗ്യം | പി.എച്ച്.സി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ പദ്ധതികൾ നടപ്പാക്കിവരുന്നു. |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 102290600772 | ശാന്ത | 02.09.21 | വിധവ പെൻഷൻ | 09/22 വരെ | 19200 |
| 2 | 102290600339 | സീതമ്മ | 30.08.21 | വിധവ പെൻഷൻ | 10/21 വരെ | 3200 |
| 3 | 102290100168 | വാസുദേവൻ ആശാരി | 11.05.2021 | കർഷക തൊഴിലാളി പെൻഷൻ | 09/22 വരെ | 25600 |
| 4 | 102290200528 | ജയപ്രകാശ്.പി. | 31.07.21 | വാർദ്ധക്യകാല പെൻഷൻ | 09/22 വരെ | 22400 |
| 5 | 102260201666 | നാസിമുദ്ദീൻ | 23/06/2021 | വാർദ്ധക്യകാല പെൻഷൻ | 08/22 വരെ | 22400 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 103610201548 | ഗോപാലകൃഷ്ണപിള്ള.എൻ. (കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്) | 14.12.2021 | വാർദ്ധക്യകാല പെൻഷൻ | 09/22 വരെ | 14400 |
| 7 | 102340201216 | ബേബി.ജി (കരവാരം ഗ്രാമപഞ്ചായത്ത്) | 17.12.2021 | വാർദ്ധക്യകാല പെൻഷൻ | 09/22 വരെ | 14400 |
| 8 | 102290600800 | സെലിനാമ്മ വിൽസൺ | 11.02.2022 | വിധവ പെൻഷൻ | 03/22 വരെ | 3200 |

ക്രമ നമ്പർ 6, 7, 8എന്നിവയിലെ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്റ്റീവ് ആണ്.

അനർഹമായി കൈപ്പറ്റിയ പെൻഷൻ ആശ്രിതരിൽ നിന്നും ഈടാക്കുന്നതിനും മരണപ്പെട്ടവരുടെ അക്കൌണ്ടിൽ തുകയുണ്ടെങ്കിൽ തിരിച്ചടയ്ക്കുന്നതിനുള്ള നോട്ടീസ് അയക്കുന്നതിനും ക്രമ നമ്പർ 6, 7 എന്നിവയിലെ ഗുണഭോക്താക്കളുടെ വിവരം അതത് ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകെയറി നമ്പർ 17/14.11.2022ന്റെ മറുപടി). സർക്കുലർ നം.63/2021/ധന തീ.02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-5-2 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.03.2021 -ലെ എ.ഡി.പി.ടി.വി.എം/711/2020-PA2കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | തുക |
|---|---|---|---|
| 1 | 102290100470 | തങ്കമ്മ അമ്മ, കല്ലായിൽ വീട്, മൂങ്ങോട | 105500 |
| 2 | 102290200657 | വാമദേവൻ.എൻ, കാർത്തിക, നെല്ലിക്കോട് | 103800 |
| 3 | 102290200736 | സുശീല, രാജ്ഭവൻ, കല്ലമ്പലം | 59100 |
| 4 | 102290201509 | ശകുന്തള, കാണവിള, വടശ്ശേരിക്കോണം | 42300 |
| 5 | 102290400146 | ലീബ ബാബു, പൌർണമി, പേരേറ്റിൽ | 67300 |
| 6 | 102290400216 | കെ. സത്യശീലൻ നായർ, സരിത വിലാസം, മുള്ളറംകോട് | 31700 |

ക്രമ നമ്പർ 2ലെ ഗുണഭോക്താവ് മരണപ്പെട്ടതായും ക്രമ നമ്പർ 5ലെ ഗുണഭോക്താവ് തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനായി പരാതി നല്കിയതിനെ തുടർന്ന്, ഭരണ സമിതി തീരുമാനപ്രകാരം ജില്ലാ കളക്ടർ, പഞ്ചായത്ത് ഡയറക്ടർ മുതലായവരോട് അഭ്യർത്ഥിച്ചതായും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകെയറി നമ്പർ 11/11.11.2022ന്റെ മറുപടി). തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46200 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 3645400 | 260 |
| വിധവാപെൻഷൻ | 12094500 | 810 |
| വാർദ്ധക്യകാലപെൻഷൻ | 23147900 | 1672 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3780100 | 240 |
| വിവാഹധനസഹായം | 150000 | 5 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 609900 | 40 |

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2022, 10.00 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43097/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021, 2022 വർഷങ്ങളിലെ പൌരാവകാശരേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പൌരാവകാശരേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. പൊതുജനങ്ങൾക്ക് ഫ്രണ്ട് ഓഫീസ് മുഖേന ലഭ്യമാകുന്നുണ്ടെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. (ഓഡിറ്റ് എൻകൌയറി നമ്പർ 15/14.11.2022)

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4) ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുകയും റിക്കോഡ് റൂം സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.

5) തനതുവരുമാന ശേഖരണത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്. വസ്തു നികുതി നിർണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ ആവശ്യമാണ്.

6) സാമൂഹ്യ സുരക്ഷ പെൻഷനുകൾ മരണശേഷവും വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

7) മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
8) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8423 | 409314 | 417737 | 358929 | 58808 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23546621 | 23546621 | 23546621 | 0 |
| ആകെ | 8423 | 23955935 | 23964358 | 23905550 | 58808 |

ചെലവിൽ ഉൾപ്പെടുന്ന 5409/- രൂപ Other Creditors എന്ന ഹെഡിൽ ചെലവഴിച്ചതിനു ശേഷം Administrate Expenses MGNREGA എന്ന ഹെഡിലേക്ക് ജേണൽ എൻട്രി ചെയ്തു മാറ്റിയിട്ടില്ല. (ഓഡിറ്റ് എൻകൌയറി നമ്പർ 22/15-11-2022) ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം RP20 ൽ 333530/- ആണ് ചെലവായി ചേർത്തിരിക്കുന്നത്. പ്രസ്തുത വ്യത്യാസങ്ങൾ ക്രമീകരിക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് എൻകൗയറി നമ്പർ 36/18.11.2022 ന്റെ മറുപടി)

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 13 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 4836 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3536 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1072 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 192 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 64.12 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 1045 |
| വകയിരുത്തിയ തുക | 3,40,47000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 194 |
| കൂലിയിനത്തിലെ ചെലവ് | 2,03,14,956 |
| കൂലിയിതരയിനത്തിലെ ചെലവ് | 32,31,665 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് | 2,39,34,358 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 2,39,05,550 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.2021 മുതൽ 21.12.2021 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.08.2017 | 2012-13 മുതൽ 2016-17 വരെ | 26.09.2017 |

## 1-10 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം ഒറ്റൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ വിശദാംശം ചുവടെ ചേർക്കുന്നു(അവലംബം - ഓഡിറ്റ് എൻകൗയറി നമ്പർ 03/08.11.2022ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി).

| ക്രമ നമ്പർ | പേരും മേൽവിലാസവും |
|---|---|
| 1 | ശംഭു.വി., കരിമ്പലച്ചിറവീട്, കണ്ണങ്കര, പെരുംകുളം |
| 2 | അപ്പുക്കുട്ടൻ.പി., കമുകിൻകോട് റോഡരികത്തുവീട്, വെളിയൻകോട് |
| 3 | അജിത്ത് കുമാർ.ടി., കമുകിൻകോട് റോഡരികത്തുവീട്, വെളിയൻകോട് |

| | |
|---|---|
| 4 | മൊഹമ്മദ്കുഞ്ഞ്, പണയിൽവീട്, പാലാംകോണം, പെരുംകുഴി |
| 5 | രാഗേഷ്.എസ്, ഉഷസ്, എസ്.വി പുരം, വർക്കല |
| 6 | ചിന്തുപ്രസാദ്, കൃഷ്ണ, വടശ്ശേരിക്കോണം |
| 7 | ബന്ധുക്കൾ പെരേര, പൊന്നറ വീട്, പുലിക്കോട്ടെയിൻ, പേട്ട |
| 8 | ശ്രീജിത്ത്.എസ്, എസ്.എസ്. നിവാസ്, തേരിവിള, നെല്ലിമൂട് |
| 9 | ജോയ്.ജി, സത്യമംഗലം, മണമ്പൂർ |
| 10 | സുഗുണാനന്ദൻ.എം, പട്ടത്തിൽ, ഞെക്കാട് |
| 11 | വിജയൻ. എൽ, ഒഹെ പവർ ടെക്ക് ഇലക്ട്രിക്കൽസ്, പാലച്ചിറ |
| 12 | ശ്യാമപ്രസാദ്, കൃഷ്ണ, വടശ്ശേരിക്കോണം |

പ്രസ്തുത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത കരാറുകാർ 60 ദിവസത്തിൽ കൂടുതൽ പഞ്ചായത്തിൽ ജോലി ചെയ്തു എന്നും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി അടവാക്കിയിട്ടില്ല എന്നും ഉറപ്പ് വരുത്തി നികുതി ഈടാക്കാൻ ശ്രമിക്കേണ്ടതാണ്. കരാറുകാരുടെ ബിൽ തുകയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒന്നും സോഫ്റ്റ് വെയർ മുഖാന്തിരം ഇല്ലാത്തതിനാൽ ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ കഴിഞ്ഞില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 09/11.11.2022ന്റെ മറുപടി). തനത് വരുമാനം കുറവുള്ള ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ലഭിക്കേണ്ടുന്ന വരവുകൾ പിരിച്ചെടുക്കാതിരിക്കുന്നത് അഭികാമ്യമല്ല.

## 1-11 കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 2, 11 എന്നീ വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

വാർഡ് 02 (മതുരക്കോട്)

| Missing From | Missing To | Missing Total |
|---|---|---|
| 15 | 15 | 1 |
| 19 | 20 | 2 |
| 24 | 24 | 1 |
| 37 | 37 | 1 |
| 62 | 62 | 1 |
| 68 | 68 | 1 |
| 78 | 78 | 1 |
| 82 | 82 | 1 |
| 88 | 88 | 1 |
| 104 | 104 | 1 |
| 108 | 108 | 1 |
| 112 | 112 | 1 |
| 114 | 115 | 2 |
| 117 | 117 | 1 |
| 120 | 121 | 2 |
| 123 | 123 | 1 |
| 125 | 125 | 1 |
| 139 | 139 | 1 |
| 141 | 141 | 1 |
| 145 | 145 | 1 |
| 150 | 150 | 1 |
| 159 | 159 | 1 |
| 161 | 161 | 1 |
| 164 | 165 | 2 |
| 171 | 173 | 3 |
| 183 | 183 | 1 |
| 198 | 198 | 1 |
| 217 | 217 | 1 |
| 220 | 220 | 1 |
| 229 | 229 | 1 |
| 238 | 238 | 1 |

| | | |
|---|---|---|
| 242 | 242 | 1 |
| 246 | 246 | 1 |
| 249 | 249 | 1 |
| 257 | 257 | 1 |
| 265 | 265 | 1 |
| 267 | 267 | 1 |
| 274 | 274 | 1 |
| 276 | 276 | 1 |
| 290 | 290 | 1 |
| 300 | 300 | 1 |
| 302 | 302 | 1 |
| 304 | 304 | 1 |
| 307 | 307 | 1 |
| 309 | 309 | 1 |
| 314 | 314 | 1 |
| 323 | 323 | 1 |
| 326 | 326 | 1 |
| 328 | 329 | 2 |
| 335 | 335 | 1 |
| 342 | 342 | 1 |
| 347 | 347 | 1 |
| 352 | 352 | 1 |
| 356 | 356 | 1 |
| 358 | 358 | 1 |
| 360 | 360 | 1 |
| 373 | 373 | 1 |
| 375 | 375 | 1 |
| 379 | 379 | 1 |
| 381 | 381 | 1 |
| 394 | 394 | 1 |
| 409 | 409 | 1 |
| 411 | 411 | 1 |
| 417 | 417 | 1 |
| 419 | 419 | 1 |
| 431 | 431 | 1 |
| 444 | 444 | 1 |
| 452 | 452 | 1 |
| 458 | 458 | 1 |
| 463 | 463 | 1 |
| 466 | 466 | 1 |
| 474 | 474 | 1 |
| 477 | 477 | 1 |
| 483 | 483 | 1 |
| 490 | 490 | 1 |
| 505 | 505 | 1 |
| 517 | 517 | 1 |
| 519 | 519 | 1 |
| 521 | 521 | 1 |
| 523 | 523 | 1 |
| 527 | 528 | 2 |
| 532 | 532 | 1 |
| 534 | 534 | 1 |
| Total | | 91 |

വാർഡ് 11(തോപ്പിൽ)

| Missing From | Missing To | Missing Total |
|---|---|---|
| 6 | 6 | 1 |
| 9 | 9 | 1 |
| 11 | 11 | 1 |
| 16 | 16 | 1 |

| | | |
|---|---|---|
| 18 | 18 | 1 |
| 20 | 20 | 1 |
| 27 | 27 | 1 |
| 37 | 37 | 1 |
| 52 | 52 | 1 |
| 54 | 54 | 1 |
| 56 | 56 | 1 |
| 58 | 58 | 1 |
| 64 | 64 | 1 |
| 68 | 69 | 2 |
| 71 | 71 | 1 |
| 75 | 75 | 1 |
| 96 | 96 | 1 |
| 99 | 99 | 1 |
| 102 | 102 | 1 |
| 105 | 105 | 1 |
| 110 | 110 | 1 |
| 112 | 112 | 1 |
| 120 | 120 | 1 |
| 128 | 128 | 1 |
| 130 | 130 | 1 |
| 141 | 141 | 1 |
| 146 | 146 | 1 |
| 149 | 150 | 2 |
| 152 | 152 | 1 |
| 154 | 154 | 1 |
| 158 | 158 | 1 |
| 160 | 160 | 1 |
| 162 | 163 | 2 |
| 167 | 167 | 1 |
| 171 | 172 | 2 |
| 180 | 180 | 1 |
| 185 | 185 | 1 |
| 187 | 187 | 1 |
| 190 | 190 | 1 |
| 192 | 192 | 1 |
| 206 | 207 | 2 |
| 216 | 216 | 1 |
| 224 | 224 | 1 |
| 233 | 233 | 1 |
| 237 | 237 | 1 |
| 241 | 242 | 2 |
| 244 | 244 | 1 |
| 250 | 250 | 1 |
| 253 | 253 | 1 |
| 267 | 267 | 1 |
| 280 | 280 | 1 |
| 284 | 284 | 1 |
| 286 | 287 | 2 |
| 292 | 292 | 1 |
| 297 | 297 | 1 |
| 307 | 307 | 1 |
| 312 | 312 | 1 |
| 316 | 316 | 1 |
| 322 | 322 | 1 |
| 332 | 332 | 1 |
| 335 | 335 | 1 |
| 340 | 340 | 1 |
| 343 | 343 | 1 |
| 358 | 359 | 2 |
| 361 | 361 | 1 |

| | | |
|---|---|---|
| 366 | 366 | 1 |
| 371 | 371 | 1 |
| 373 | 373 | 1 |
| 375 | 376 | 2 |
| 378 | 378 | 1 |
| 380 | 382 | 3 |
| 385 | 385 | 1 |
| 389 | 389 | 1 |
| 392 | 392 | 1 |
| 403 | 403 | 1 |
| 407 | 407 | 1 |
| 411 | 412 | 2 |
| 420 | 420 | 1 |
| 428 | 428 | 1 |
| 430 | 431 | 2 |
| 433 | 433 | 1 |
| 438 | 438 | 1 |
| 445 | 445 | 1 |
| 457 | 457 | 1 |
| 463 | 463 | 1 |
| 466 | 466 | 1 |
| 472 | 472 | 1 |
| 480 | 480 | 1 |
| 491 | 493 | 3 |
| 500 | 500 | 1 |
| 507 | 507 | 1 |
| 509 | 509 | 1 |
| 511 | 511 | 1 |
| 514 | 514 | 1 |
| 516 | 518 | 3 |
| 523 | 524 | 2 |
| 527 | 527 | 1 |
| 529 | 529 | 1 |
| 531 | 531 | 1 |
| 533 | 533 | 1 |
| 537 | 538 | 2 |
| 540 | 540 | 1 |
| 542 | 542 | 1 |
| 552 | 554 | 3 |
| 558 | 558 | 1 |
| 564 | 564 | 1 |
| 571 | 571 | 1 |
| 573 | 573 | 1 |
| 575 | 575 | 1 |
| 601 | 601 | 1 |
| 617 | 617 | 1 |
| 621 | 621 | 1 |
| 628 | 629 | 2 |
| 638 | 638 | 1 |
| Total | | 136 |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കെട്ടിടനികുതി നിർണയം നടത്തിയ വേളയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പടാതെ പോയ കെട്ടിടങ്ങളെ അസസ് മെന്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 20/15.11.2022ന്റെ മറുപടി). തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം) വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും നിയമത്തിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്

വെയറിന്റെ പരിശോധനയിൽ, ഗ്രാമപഞ്ചായത്തിലെ 3, 4, 5, 9, 12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം (ചതുരശ്ര മീറ്റർ) |
|---|---|---|---|---|
| 1 | 3/370 | കെ.രാധ | പാർപ്പിടാവശ്യം | 63 |
| 2 | 3/510 | രുദ്രാക്ഷൻ പിള്ള | പാർപ്പിടാവശ്യം | 80 |
| 3 | 4/367 | വാമദേവൻ | പാർപ്പിടാവശ്യം | 70 |
| 4 | 4/463 | എം.മോഹനൻ | പാർപ്പിടാവശ്യം | 79 |
| 5 | 5/182 | എ.കെ.ദിവാകരൻ | പാർപ്പിടാവശ്യം | 90 |
| 6 | 5/357 | താമരാക്ഷൻ | പാർപ്പിടാവശ്യം | 80 |
| 7 | 5/386 | നാസറുദ്ദീൻ | പാർപ്പിടാവശ്യം | 121 |
| 8 | 9/186 | ബാബുക്കുട്ടൻ | പാർപ്പിടാവശ്യം | 62 |
| 9 | 9/414 | കൃഷ്ണൻകുട്ടി | പാർപ്പിടാവശ്യം | 64 |
| 10 | 12/95 | സിറിൾ.പി.മിരാന്റ | പാർപ്പിടാവശ്യം | 68 |
| 11 | 12/232 | അമ്മിണി.എൽ. | പാർപ്പിടാവശ്യം | 64 |
| 12 | 12/233 | ഉദയ.കെ. | പാർപ്പിടാവശ്യം | 66.24 |
| 13 | 12/701 | ബേബി ഗിരിജ | പാർപ്പിടാവശ്യം | 62 |

നികുതി ചുമത്തിയിട്ടില്ലാത്ത കെട്ടിടങ്ങൾ നേരിട്ട് പരിശോധിച്ച്, 60 ചതുരശ്രമീറ്ററിൽ കൂടുതലുള്ളവയ്ക്ക് നികുതി ചുമത്തുന്നതിനും അല്ലാത്തവയുടെ കൃത്യമായ വിസ്തീർണം സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകെയറി നമ്പർ 21/15.11.2022ന്റെ മറുപടി). ഏതാനും വാർഡുകൾ പരിശോധിച്ചതിന്റെ വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ വർഡുകളുടെയും പരിശോധന നടത്തി അപാകങ്ങൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്

2021-22 സാമ്പത്തിക വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 53330/- രൂപ ഒടുക്കുവരുത്തിയിട്ടുണ്ട് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (നമ്പർ 05/15.11.2022) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 2016-17 മുതൽ 2021-22 ന് മുമ്പായി പ്രസ്തുത ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 260416/- രൂപ ഒടുക്കുവരുത്തിയതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉൾപ്പെടെ ആകെ 313746/- രൂപ തിരികെ ലഭിക്കുവാനുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 1-14 പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കണം.

സബ്ജിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGDഎഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

തദ്ദേശ സ്ഥാപന പ്രദേശത്ത് കണ്ടൽ കാടുകളും പൊതുകാവുകളും ഇല്ലായെന്നും ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള കാവുകൾ ആതാത് ആരാധനാലയങ്ങൾ സംരക്ഷിച്ചു വരുന്നുവെന്നുമാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻകെയറി നമ്പർ 02/08.11.2022). വികസന രേഖ പ്രകാരം 7 കാവുകളുള്ള പഞ്ചായത്ത്, പരിസ്ഥിതി സംരക്ഷണത്തിനായി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 35/18.11.2022), "VEELS"എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തി, വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 KSEB യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 154/21-22 |
| പേര് | 13-ാം വാർഡിലെ വെറ്റിനറി സബ്സെന്ററിൽ വൈദ്യുതീകരണത്തിന് ഇലക്ട്രിക്ക് പോസ്റ്റുകൾ സ്ഥാപിക്കൽ |
| അടങ്കൽ തുക | 1,50,000 |
| ചെലവ് | 1,08,674 |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ | 344/15.3.2022 തുക 1,08,674/- |

പ്രസ്തുത പ്രവൃത്തിക്ക് 1,08,674/- രൂപ KSEB ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായത് സംബന്ധിച്ച വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 35/18.11.2022) വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറക്ക് പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-17 അർഹരായവർ ഉണ്ടായിരിക്കെ അനർഹർക്ക് ഭവനപുനരുദ്ധാരണത്തിനുള്ള ആനുകൂല്യം നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം(എസ്.സി) പദ്ധതിയിൽ അനർഹർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 83/21-22 |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം( SC) |
| അടങ്കൽ തുക | 25,50,000 |
| ചെലവ് | 21,00,000 |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

അപാകതകൾ

1. പ്രസ്തുത പദ്ധതിയിൽ ശ്രീ.ശിവപ്രസാദ്, പ്രസാദ് ഭവൻ എന്നയാൾക്ക് ഭവനപുനരുദ്ധാരണത്തിന് 1.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ള കെട്ടിടത്തിന്റെ കാലപ്പഴക്ക

സർട്ടിഫിക്കറ്റിൽ ആറ് വർഷമാണ് പഴക്കം കാണിക്കുന്നത്. സഞ്ചയ രേഖകൾ പ്രകാരവും നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 2016-17 മുതലാണെന്ന് കാണുന്നു. മാർഗരേഖ പ്രകാരം എട്ട് വർഷം പഴക്കമുള്ള വീടുകൾക്കാണ് ഭവനപുവരുദ്ധാരണത്തിന് ആനുകൂല്യം നൽകാവുന്നത്.

2. ഗുണഭോക്തൃ പട്ടികയിൽ മൂന്നാം വാർഡിൽ ശ്രീമതി ജൂമി, ശ്രീ.ശിവപ്രസാദ്, ശ്രീമതി സുധർമ്മിണി എന്നിവരാണ് ഉള്ളത്. ശ്രീമതി ജൂമി, ശ്രീ.ശിവപ്രസാദ് എന്നിവർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. പട്ടികയിൽ മൂന്നാം സ്ഥാനത്തുള്ള ശ്രീമതി സുധർമ്മിണിയുടെ വീടിന് സഞ്ചയ രേഖകൾ പ്രകാരം 14 വർഷത്തിന് മേൽ പഴക്കം ഉള്ളതായി കാണുന്നു. പ്രസ്തുത ആനുകൂല്യത്തിന് ഇപ്രകാരം അർഹത ഉള്ളവർ ഉണ്ടായിരിക്കെ അനർഹർക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 34/18.11.2022), പ്രസ്തുത വീട് IAY പ്രകാരം 2011-12 ൽ അനുവദിച്ച വീടാണെന്നും അത് 2012 ൽ പൂർത്തീകരിച്ചുവെന്നും, വീടിന് നമ്പർ ലഭ്യമായത് 2016ൽ ആണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഫയലിനോടൊപ്പം സമർപ്പിച്ചിട്ടുള്ള IAY സംബന്ധിച്ച രേഖയിൽ 30.3.2013 മുതൽ 18.2.2015 വരെ കാലയളവിലാണ് പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ച് വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതെന്ന് കാണാവുന്നതാണ്. ആയതിൻ പ്രകാരമാണ് 2016-17 മുതൽ പഞ്ചായത്തിൽ നികുതി നിർണയം നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്.

അപ്രകാരം, പ്രസ്തുത വീടിന് എട്ട് വർഷം കാലപ്പഴക്കം ഇല്ലാത്തതാകുന്നു. ഗുണഭോക്തൃ പട്ടികയിൽ അർഹരായ മറ്റുള്ളവർ ഉണ്ടായിരിക്കെയാണ് ടിയാന് ആനുകൂല്യം നൽകിയിട്ടുള്ളത്. തികച്ചും അർഹരായവർക്ക് മാത്രം ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാണ് സർക്കാർ വികസന ഫണ്ട് പ്രസ്തുത ഇനത്തിൽ നൽകുന്നത്. അർഹത ഉറപ്പ് വരുത്തേണ്ടത് ഭരണസമിതിയുടെ ഉത്തരവാദിത്തം കൂടിയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഒറ്റൂർ ഗ്രാമ പഞ്ചായത്തിൽ 2021-22സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് ( നമ്പർ 7/09.11.2022) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ റോഡ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒറ്റൂർ ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നമ്പർ - 13/11.11.2022) ലഭ്യമാക്കിയ മറുപടിയിൽ ഐ.കെ.എം. നിലവിൽ സചിത്ര സോഫ്റ്റ്വെയർ ഓൺലൈൻ ആക്കുന്നതിന് വേണ്ടി ഡാറ്റാ എൻട്രികൾ ബ്ലോക്ക് ചെയ്തിരിക്കുന്നതിനാൽ ഓൺലൈൻ വെബ്സൈറ്റ് പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് ആസ്തി വിവരങ്ങൽ കാലികമാക്കി സൂക്ഷിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | 45/22 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ തുക | 1000000(വികസന ഫണ്ട് - 250000, സംസ്ഥാന ഫണ്ട് - 250000, ഗുണഭോക്തൃവിഹിതം 500000) |
| ചെലവുതുക | 250000 (വികസന ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നമ്പർ, തീയതി | 141/10.11.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിനായി 250000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ കാലയളവ് 30 മാസമായതിനാൽ പ്രസ്തുത കാലയളവിൽ പദ്ധതി

പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മുൻ വർഷങ്ങളിൽ കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിന് SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് തുക നൽകിയതിൽ 2019-20 വർഷം വരെയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നമ്പർ 23/16.11.2022) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ അവയുടെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിരുന്നെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 കിടാരി വളർത്തൽ (വനിത) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 87/22 |
| പ്രോജക്ടിന്റെ പേര് | കിടാരി വളർത്തൽ (വനിത) |
| അടങ്കൽ തുക | 400000(വികസന ഫണ്ട് - 200000, ഗുണഭോക്തൃവിഹിതം 200000) |
| ചെലവുതുക | 400000 (വികസന ഫണ്ട്) |
| ബിൽ നം. തീയതി | 263/14.02.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗുണഭോക്തൃവിഹിതവും വികസനഫണ്ടും ഉപയോഗിച്ച് 6- 8 മാസം പ്രായമായ കിടാരിയെ വാങ്ങി 3 വർഷത്തേയ്ക്ക് ക്രയവിക്രയം ചെയ്യില്ല എന്ന് കരാർ വച്ച് ഇൻഷ്വർ ചെയ്യുമ്പോൾ ഗുണഭ്ക്താക്കൾക്ക് തുക റിലീസ് ചെയ്യുന്ന പദ്ധതിയായിരുന്നു. കിടാരി ഒന്നിന് 16000 രൂപയായിരുന്നു ചെലവ് ( ഗുണഭോക്തൃവിഹിതം- 8000, വികസന ഫണ്ട് - 8000). പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. കിടാരികളെ വെറ്ററിനറി ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നമ്പർ 24/16.11.2022) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നില്ല എന്നും നിലവിൽ (2022-23) വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടെന്നും സബ്സിഡി തുക 8000 ആയതിനാലാണ് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടാത്തത് എന്നും കിടാരികളെ പരിശോധിച്ച് ആരോഗ്യവും ഇനവും മെച്ചപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഉരുക്കളെ ഇൻഷ്വർ ചെയ്തത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്.

എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. സബ്സിഡി മാർഗ്ഗരേഖ (14.02.2018 ലെ സ.ഉ. (കൈ) നം.22/2018/തസ്വഭവ ) പ്രകാരം ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതിനായി അവരുടെ കുടുംബ വരുമാനം നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതായിരുന്നു. കൂടാതെ മൂന്ന് വർഷം ക്രയവിക്രയം ചെയ്യില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതുമായിരുന്നു. കരാറിന്റെ അഭാവത്തിൽ മൂന്ന് വർഷത്തിന് മുമ്പായി ക്രയവിക്രയം ചെയ്യുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിയുകയില്ല. ആയതിനാൽ ഭാവിയിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ആട് വളർത്തൽ (വനിത) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 70/22 |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ (വനിത) |
| അടങ്കൽ തുക | 496000(വികസന ഫണ്ട് - 248000, ഗുണഭോക്തൃവിഹിതം 248000) |
| ചെലവുതുക | 496000 (വികസന ഫണ്ട്) |
| ബിൽ നമ്പർ, തീയതി | 225/19.01.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗുണഭോക്തൃവിഹിതവും വികസനഫണ്ടും ഉപയോഗിച്ച് 10 കിലോഗ്രാമിന് മുകളിലുള്ള പ്രായമായ ആടുകളെ വാങ്ങി 3 വർഷത്തേയ്ക്ക് ക്രയവിക്രയം ചെയ്യില്ല എന്ന് കരാർ വച്ച് ഇൻഷ്വർ ചെയ്യുമ്പോൾ ഗുണഭോക്താക്കൾക്ക് തുക റിലീസ് ചെയ്യുന്ന പദ്ധതിയായിരുന്നു. സബ്സിഡിയും ഗുണഭോക്തൃവിഹിതവും 4000/- രൂപ വീതമായിരുന്നു. പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ആടുകളെ വെറ്ററിനറി ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 25/തീയതി-16.11.2022) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നില്ല എന്നും നിലവിൽ (2022-23) വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നുണ്ടെന്നും ആനുകൂല്യം വളരെ കുറഞ്ഞ തുക ആയതിനാലാണ് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടാത്തത് എന്നും ആടുകളെ പരിശോധിച്ച് ആരോഗ്യവും ഇനവും മെച്ചപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആടുകളെ ഇൻഷ്വർ ചെയ്തത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്.

എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. പ്രസ്തുത പദ്ധതി അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ടതിന് ശ്രദ്ധിക്കേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ (14.02.2018 ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ) പ്രകാരം ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതിനായി അവരുടെ കുടുംബ വരുമാനം നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതായിരുന്നു. കൂടാതെ മൂന്ന് വർഷം ക്രയവിക്രയം ചെയ്യില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതുമായിരുന്നു. കരാറിന്റെ അഭാവത്തിൽ മൂന്ന് വർഷത്തിന് മുമ്പായി ക്രയവിക്രയം ചെയ്യുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിയുകയില്ല. ആയതിനാൽ ഭാവിയിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ആട് വളർത്തൽ (വനിത എസ്.സി.പി.) - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 159/22 |
| പ്രോജക്ടിന്റെ പേര് | ആട് വളർത്തൽ (വനിത SCP) |
| അടങ്കൽ തുക | 1136000(വികസന ഫണ്ട് SCP – 849667, ഗുണഭോക്തൃവിഹിതം 284000, തനത് ഫണ്ട്-2333) |
| ചെലവുതുക | 1128000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗുണഭോക്തൃവിഹിതവും വികസനഫണ്ടും ഉപയോഗിച്ച് 10 കിലോഗ്രാമിന് മുകളിലുള്ള പ്രായമായ ആടുകളെ വാങ്ങി 3 വർഷത്തേയ്ക്ക് ക്രയവിക്രയം ചെയ്യില്ല എന്ന് എഗ്രിമെന്റ് വച്ച് ഇൻഷ്വർ ചെയ്യുമ്പോൾ ഗുണഭ്ക്താക്കൾക്ക് തുക റിലീസ് ചെയ്യുന്ന പദ്ധതിയായിരുന്നു. ഗുണഭോക്തൃവിഹിതം 2000/- രൂപയും സബ്സിഡി തുക 6000/- രൂപയുമായിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 141 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ആടുകളെ വെറ്ററിനറി ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് ( നമ്പർ 30/തീയതി-17.11.2022) ലഭ്യമാക്കിയ മറുപടിയിൽ ആനുകൂല്യം വളരെ കുറഞ്ഞ തുക ആയതിനാലാണ് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടാത്തത് എന്നും ആടുകളെ പരിശോധിച്ച് ആരോഗ്യവും ഇനവും മെച്ചപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആടുകളെ ഇൻഷ്വർ ചെയ്ത എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്.

എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. സബ്സിഡി മാർഗ്ഗരേഖ (14.02.2018 ലെ സ.ഉ.(കൈ) നം.22/2018/തസ്വഭവ ) പ്രകാരം മൂന്ന് വർഷം ക്രയവിക്രയം ചെയ്യില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതുമായിരുന്നു. കരാറിന്റെ അഭാവത്തിൽ മൂന്ന് വർഷത്തിന് മുമ്പായി ക്രയവിക്രയം ചെയ്യുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ കഴിയുകയില്ല. കൂടാതെ ആടുകളെ വെറ്ററിനറി ഡോക്ടർ പരിശോധിച്ച് ആരോഗ്യമുള്ളവയാണെന്ന് സാക്ഷ്യപ്പെടുത്തണമായിരുന്നു. ഭാവിയിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ പൂർണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | SO058/22 |
| പ്രോജക്ടിന്റെ പേര് | ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| അടങ്കൽ | 500000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 500000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ബിൽ നമ്പർ | 123/23.10.2021 |

2021-22 വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 5,00,000 രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ Invoice No. LF 2808 Dated 24.3.2022 പ്രകാരം 203697/- രൂപയുടെയും, Invoice No. LF 590 Dated 26.8.2022 പ്രകാരം 111603/- രൂപയുടെയും മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം .29), മെഡിസിൻ രണ്ട് തവണയായി ലഭിച്ചിട്ടുണ്ടെന്നും ബാക്കി 1,84,700/- രൂപയുടെ മരുന്നുകൾ രണ്ടുമാസത്തിനകം നൽകാമെന്ന് ഹോംകോയിൽ നിന്നും അറിയിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 വിവിധ പ്രോജക്ടുകൾക്ക് മെഡിക്കൽ സർവീസ് കോർപ്പറേഷൻ മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല.

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO066/22 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 900000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 900000 |

2021-22 വർഷത്തിൽ ഒറ്റൂർ പി.എച്ച്.സി.യിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നം.26/25.6.2021 പ്രകാരം 5,00,000/- രൂപ, ബിൽ നം. 234/22.1.2022 പ്രകാരം 2,00,000/- രൂപയും, ബിൽ നം. 314/2.3.2022 പ്രകാരം 2,00,000/- രൂപയും മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 670352/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം .33) മരുന്നുകൾ ഘട്ടം ഘട്ടമായി മാത്രമാണ് വന്നുകൊണ്ടിരിക്കുന്നതെന്നും മെഡിക്കൽ സർവീസ് കോർപ്പറേഷനെ നിരന്തരം മരുന്ന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുമ്പോൾ സ്റ്റോക്ക് ഉള്ള മുറയ്ക്ക് മരുന്ന് എത്തിക്കാമെന്നും അറിയിച്ചിട്ടുണ്ട്. മരുന്ന് മുഴുവനും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2. നവജീവനം

| | |
|---|---|
| പ്രോജക്ട് നം. | SO061/22 |
| പ്രോജക്ടിന്റെ പേര് | നവജീവനം |
| അടങ്കൽ | 400000 (വികസന ഫണ്ട് - പൊതുവിഭാഗം-സാധാരണ വിഹിതം) |
| ചെലവ് | 400000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

2021-22 വർഷത്തിൽ ഒറ്റൂർ പി.എച്ച്.സി.യിലേക്ക് നവജീവനം പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിനായി (ബിൽ നം.111/8.10.2021തുക Rs.90000) Proforma Invoice No.PRF2468/5.10.2021 പ്രകാരം മെഡിക്കൽ സർവീസിൽ കോർപ്പറേഷന് 90000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ 67756/- രൂപയ്ക്കുള്ള മരുന്നു മാത്രമേ ലഭ്യമായിട്ടുള്ളൂ. വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 4493/16.6.2022 | 24944 |
| 2 | 9904 | 21712 |
| 3 | 11280 | 3489 |

| | | |
|---|---|---|
| 4 | 3078 | 17611 |
| | **Total** | **67756** |

Proforma Invoice PRF 5264/29.1.2022

Bill No. 255/7.2.2022 Rs. 65000/- രൂപ നൽകിയതിൽ 60325/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 78/2.4.2022 | 56843 |
| 2 | 4850/22.6.2022 | 1556 |
| 3 | 10252/3.9.2022 | 1926 |
| | **Total** | **60325** |

**3. സ്നേഹതീരം - പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.60/22)**

| | |
|---|---|
| പ്രോജക്ട് നം. | SO060/22 |
| പ്രോജക്ടിന്റെ പേര് | സ്നേഹതീരം - പാലിയേറ്റീവ് കെയർ |
| അടങ്കൽ | 700000 (വികസന ഫണ്ട് -500000 + 200000 ബ്ലോക്ക് വിഹിതം) |
| ചെലവ് | 700000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

Proforma Invoice PRF2294/12.10.2021 Rs. 200000/-

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 4495/16.6.2022 | 33883 |
| 2 | 9911/10.12.2021 | 19519 |
| 3 | 10669/30.12.2021 | 7444 |
| 4 | 14375/19.10.2022 | 5159 |
| 5 | 13142/6.10.2022 | 522 |
| 6 | 10292/3.9.2022 | 3471 |
| 7 | 10283/3.9.2022 | 32576 |
| 8 | 7166/29.7.2022 | 11452 |
| | **Total** | **114026** |

പ്രസ്തുത പ്രോജക്ടുകൾ പ്രകാരമുള്ള മരുന്നുകൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുകയാണെന്നും സ്റ്റോക്ക് ഉള്ള മുറയ്ക്ക് മരുന്നുകൾ എത്രയും വേഗം എത്തിക്കാമെന്നും അറിയിച്ചതായി ഓഡിറ്റ് എൻകൗയറി നം. 38 ന് നൽകിയ മറുപടിയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

## 1-26 അങ്കണവാടികൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സ. ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ7.8.2 (1),(2) എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പിന്റെ 3-9-2010 ലെ നമ്പർ 39033/ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനുപൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 7,72,122/- മുന്നിരിപ്പും 6,86,434/- നീക്കിയിരിപ്പും ഈ ഇനത്തിൽ ഉണ്ടായിരുന്നുവെങ്കിലും ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ ഒന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നം 26/21-22 16.11.2022) ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടികളുടെ നിലവിലെ ഭൗതിക സാഹചര്യം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 17 |
| 2 | സ്വന്തം കെട്ടിടമില്ലാത്തവ | 03 |
| 3 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 03 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 0 |
| 5 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ | 14 |
| 6 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 0 |
| 7 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | 0 |
| 9 | പരാതിപ്പെട്ടി ഇല്ലാത്തവ | 1 |

## 1-27 ഐ.സി.ഡി.എസ്. കോ ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിച്ചതിന്റെയും 2021-22 വർഷത്തെ പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 26/21-22 16.11.2022 ) നിലവിൽ ഐ.സി.ഡി.എസ്. കോ ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്നും രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയത്.

## 1-28 അങ്കണവാടി നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (Iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. 2021-22 ൽ ഇത്തരം കാര്യങ്ങൾ നിർവ്വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് ( നം 26/21-22 16.11.2022) നിലവിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്നും രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ജില്ല പഞ്ചായത്ത് | കേദാരം സമഗ്ര നെൽകൃഷി വികസനം | 603500 |
| | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - സ്നേഹസ്പർശം | 178125 |
| | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 110000 |
| ആകെ | | 891625 |
| ബ്ലോക്ക് പഞ്ചായത്ത് | കേദാരം സമഗ്ര നെൽകൃഷി വികസനം | 280500 |
| | സ്നേഹതീരം പാലിയേറ്റീവ് കെയർ | 200000 |
| | അങ്കണവാടി പോഷകാഹാരം(ജനറൽ) | 100000 |
| | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 39700 |
| | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - സ്നേഹസ്പർശം | 178125 |
| | ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 200000 |
| ആകെ | | 998325 |

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 55365 | 891625 | 946990 | 891625 | 55365 | 55365 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 176661 | 998325 | 1174986 | 998325 | 176661 | 176661 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രോജക്ടിന്റെ പേര്, നമ്പർ | തൻ വർഷം |
|---|---|---|

| | | |
|---|---|---|
| | | ചെലവഴിച്ച തുക |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 189 | 20,00,000 |
| | ജലജീവൻ മിഷൻ-ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ രണ്ടാം ഘട്ടം,32 | 1,91,360 |
| **ആകെ** | | **21,91,360** |
| കെ.എസ്.ഇ.ബി | 13-ാം വാർഡിലെ വെറ്റിനറി സബ്സെന്ററർ വൈദ്യുതീകരണത്തിന് ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കൽ,154 | 1,08,674 |
| **ആകെ** | | **1,08,674** |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം (RP49 പ്രകാരം) | ആകെ | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 10,26,495 | 20,00,000 | 30,26,495 | 20,00,000 |
| കെ.എസ്.ഇ.ബി | 4,18,462 | 1,08,674 | 5,27,136 | 5,27,136 |

മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ എല്ലാ തുകയ്ക്കുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 19/15.10.2022ന്റെ മറുപടി).

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (തുൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 1060000 | 12568127 | 1496000 | - | 12132127 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 65,70,740 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,55,88,436 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,16,48,284 |

| | |
|---|---|
| നീക്കിയിരിപ്പ് | 1,05,10,892 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022 | 1 (3-6) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022 | 4 (3-3, 3-6, 3-7, 3-8) |
| 2009-10 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022 | 1 (3-19) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022 | 3 (3-6, 3-8, 3-9) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022 | 4 (3-1(ബി), 3-2(എ)), 3-2(ബി), 3-14 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022 | 2 (3-1, 3-2) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1815/22 തീയതി, 13.10.2022 | 15 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/306/2018, തീയതി 29.04.2019 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/344/2020 തീയതി 18.05.2020 | 42 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/693/2021 തീയതി 31.03.2021 | 40 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/896/2022 തീയതി | 35 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

ബി.റ്റി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്